2024 AUGUST
15
THURSDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

## തീരദേശ പരിപാലനം: പ്ലാൻ കരട് സമർപ്പിക്കും

**തിരുവനന്തപുരം:** കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും കേരള തീരദേശ പരിപാലന അതോറിറ്റി അംഗീകരിച്ചതുമായ കേരളത്തിന്റെ കരട് തീരദേശ പരിപാലന പ്ലാൻ അംഗീകാരത്തിനായി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.സി ആർ സെഡ് മൂന്നിൽ നിന്നും സി ആർ സെഡ് രണ്ടിലേക്ക് തരം മാറ്റുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് സംസ്ഥാന സർക്കാർ ശിപാർശ ചെയ്ത 175 നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ 66 പഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാക്കി 109 പഞ്ചായത്തുകളെ കൂടി സി ആർ സെഡ് രണ്ട് കാറ്റഗറിയിലേയ്ക്ക് മാറ്റുന്നതിന് വീണ്ടും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ശിലാസ്ഥാപനം 17 ന്

**തിരുവനന്തപുരം:** കാർഷിക സംരംഭങ്ങളെയും കൂട്ടായ്മകളെയും ഒരുമിച്ച് ഒരു കുടക്കീഴിൽ അണിനിരത്താൻ ലക്ഷ്യമിട്ട് തലസ്ഥാനനഗരിയിൽ കൃഷിവകുപ്പ് ഒരുക്കുന്ന പുതിയ സമുച്ചയമാണ് കാബ്‌കോ എക്സ്പോ സെന്റർ ആൻഡ് അഗ്രിപാർക്കിന്റെ ശിലാസ്ഥാപനം ആഗസ്റ്റ് 17 ന് രാവിലെ 11:30 ന് കൃഷി വകുപ്പ് മന്ത്രി നിർവഹിക്കും. 65,000 ചതുരശ്ര അടിയിൽ അന്താരാഷ്ട്ര നിലവാരമുള്ള എക്സിബിഷൻ സെന്ററിൽ എക്സിബിഷനുകൾ, കൺവെൻഷനുകൾ, ട്രേഡ് ഷോകൾ, ബിസിനസ് മീറ്റുകൾ, കോർപ്പറേറ്റ് ഇവന്റുകൾ എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോട് കൂടി ഓരോ ഇവന്റും മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനുള്ള സംവിധാനം ഇവിടെ ലഭ്യമാണ്.

### അറിയിപ്പ്

സ്വാതന്ത്ര്യദിനം പ്രമാണിച്ച് ഇന്ന് അവധിയായതിനാൽ നാളെ (ആഗസ്റ്റ് 16) സൊസൈറ്റി ടുഡെ പ്രസിദ്ധീകരിക്കുന്നതല്ല

# വയനാട് ദുരന്തം; പുനരധിവാസം വേഗത്തിൽ പൂർത്തിയാക്കും

**തിരുവനന്തപുരം:**വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ക്യാമ്പുകളിൽ കഴിയുന്നവരുടെ പുനരധിവാസ പ്രക്രിയ വേഗത്തിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വാടകവീടുകളിലേക്ക് മാറുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വാടക ഇനത്തിൽ പ്രതിമാസം 6000 രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബന്ധുവീടുകളിലേക്ക് മാറുന്ന കുടുംബങ്ങൾക്കും ഈ തുക നൽകും.സൗജന്യതാമസമൊരുക്കുകയാണ് സർക്കാർ ലക്ഷ്യമെന്നതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ സ്വകാര്യ വ്യക്തികൾ സൗജന്യമായി നൽകുന്ന ഇടങ്ങളിലേക്കോ മാറുന്ന കുടുംബങ്ങൾക്ക് പ്രതിമാസ വാടക ലഭിക്കില്ല. മുഴുവനായി സ്പോൺസർഷിപ്പ് മുഖേന താമസസൗകര്യം ഒരുക്കുന്ന കെട്ടിടങ്ങളിലേക്ക് മാറുന്നവർക്കും ഈ ആനുകൂല്യം ഉണ്ടാവില്ല. ഭാഗികമായി സ്പോൺസർഷിപ്പ് നൽകുന്ന കേസുകളിൽ ശേഷിക്കുന്ന തുക പരമാവധി 6000 രൂപ വരെ പ്രതിമാസ വാടക അനുവദിക്കും.നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2018 നു സമാനമായി, വിവിധ രേഖകൾ നഷ്ടപ്പെട്ടവർക്ക്, യുണിവേഴ്സിറ്റികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഡ്യൂപ്ലിക്കേറ്റ് / പുതുക്കിയ രേഖകൾ നൽകുമ്പോൾ യാതൊരു വിധ ഫീസും ഈടാക്കരുതെന്ന് ഉത്തരവുണ്ട്.

ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം അനുവദിക്കും. എസ്.ഡി.ആർ.എഫിൽ നിന്ന് 4 ലക്ഷം രൂപ അനുവദിക്കുന്നതിനു പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2 ലക്ഷം രൂപ കൂടി ചേർത്താണ് ആറ് ലക്ഷം രൂപ ലഭിക്കുക. ഉരുൾപൊട്ടലിൽ കണ്ണുകൾ, കൈകാലുകൾ എന്നിവ നഷ്ടപ്പെട്ടവർക്കും 60 ശതമാനത്തിൽ അധികം വൈകല്യം ബാധിച്ചവർക്ക് 75,000 രൂപ വീതവും 40 ശതമാനം മുതൽ 60 ശതമാനം വരെ വൈകല്യം ബാധിച്ചവർക്ക് 50,000 രൂപ വീതവും സി എം ഡി ആർ എഫിൽ നിന്ന് അനുവദിക്കാം.ദുരന്തത്തിൽപ്പെട്ട് കാണാതായ വ്യക്തികളുടെ ആശ്രിതർക്ക് സഹായം നൽകുന്നതിന് പോലീസ് നടപടികൾ പൂർത്തിയാക്കി പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കും. ചൂരൽമല പാലത്തിന് താഴ്ഭാഗത്തായി വനത്തിലൂടെ ഒഴുകുന്ന പുഴയുടെ തീരങ്ങൾ കേന്ദ്രീകരിച്ചും നിലമ്പൂർ വയനാട് മേഖലകളിലും തെരച്ചിൽ ഊർജ്ജിതമാണ്. ദുരന്തബാധിതർക്ക് താത്ക്കാലിക പുനരധിവാസം ഉറപ്പാക്കുന്നതിന് സർക്കാർ തലത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. സർക്കാർ ഉടമസ്ഥതയിലുള്ള നൂറോളം കെട്ടിടങ്ങളാണ് ഇത് വരെ ലഭ്യമായത്. വിവിധ തദ്ദേശ



സ്വയം ഭരണസ്ഥാപന പരിധികളിലെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 253 കെട്ടിടങ്ങൾ വാടക നൽകി ഉപയോഗിക്കാനായി കണ്ടെത്തിയിട്ടുണ്ട്. ഇതുകൂടാതെ നൂറോളം വീട്ടുടമസ്ഥർ വീടുകൾ വാടകയ്ക്ക് നൽകാൻ സന്നദ്ധത അറിയിച്ചു.

താൽകാലിക പുനരധിവാസത്തിനായി ഹാരിസൺ മലയാളത്തിലെ തൊഴിലാളി യൂണിയനുകൾ ഇപ്പോൾ നൽകാൻ തയ്യാറായിട്ടുള്ള 53 വീടുകളും നൽകാമെന്നേറ്റ ബാക്കി വീടുകളുടെയും ഭദ്രതയും നടത്തിപ്പും സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ട്രേഡ് യൂണിയൻ പ്രതിനിധികൾ, മാനേജ്മെൻറ് പ്രതിനിധികൾ എന്നിവർ പരിശോധന നടത്തി ഏതൊക്കെ തൊഴിലാളികളെ പരിഗണിക്കും എന്നുൾപ്പെടെയുള്ള കണക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. താൽക്കാലിക പുനരധിവാസം ഉറപ്പാക്കുമ്പോൾ മേപ്പാടി, മുപ്പൈനാട്, വൈത്തിരി, കൽപ്പറ്റ, മുട്ടിൽ, അമ്പലവയൽ തദ്ദേശ സ്വയംഭരണ പരിധിയിലുള്ള പൂർണ്ണസജ്ജമായ വാസസ്ഥലമാണ് ഉദ്ദേശിക്കുന്നത്. ചൂരൽ മലയിലെ ദുരന്തബാധിതർക്ക് ഒരു വാടക വീട് എന്ന മുദ്രാവാക്യവുമായി സർവ്വകക്ഷികളുടെയും നേതൃത്വത്തിൽ വാടക വീടുകൾക്ക് വേണ്ടി അന്വേഷണം നടത്തുന്നുണ്ട്. പഞ്ചായത്ത് അംഗങ്ങൾ, റവന്യൂ ഉദ്യോഗസ്ഥർ, സോഷ്യൽ വർക്കർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി തദ്ദേശ സ്വയംഭരണ പരിധിയിൽ ലഭ്യമാക്കാവുന്ന വീടുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യും.

## പ്രധാനമന്ത്രി യംഗ് ലിയുവുമായി കൂടിക്കാഴ്ച നടത്തി

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദി ഹോൺ ഹായ് ടെക്നോളജി ഗ്രൂപ്പായ, ഫോക്സ്കോണിന്റെ ചെയർമാൻ യംഗ് ലിയുവുമായി കൂടിക്കാഴ്ച നടത്തി. ഭാവി സംബന്ധിയായ മേഖലകളിൽ ഇന്ത്യ നൽകുന്ന അവസരങ്ങൾ ചൂണ്ടിക്കാട്ടി ഫോക്സ്കോണിന്റെ ഇന്ത്യയിലെ നിക്ഷേപ പദ്ധതികളെക്കുറിച്ച് നരേന്ദ്ര മോദി യംഗ് ലിയുവുമായ ചർച്ച ചെയ്തു.ഹോൺ ഹായ് ടെക്നോളജി ഗ്രൂപ്പിന്റെ (ഫോക്സ്കോൺ) ചെയർമാൻ യംഗ് ലിയുവിനെ കാണാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭാവിസംബന്ധിയായ മേഖലകളിൽ ഇന്ത്യ നൽകുന്ന മികച്ച അവസരങ്ങൾ എടുത്തുപറഞ്ഞു. കർണാടക, തമിഴ്നാട്, ആന്ധ്രാ



പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ അവരുടെ ഇന്ത്യയിലെ നിക്ഷേപ പദ്ധതികളെക്കുറിച്ചും ഞങ്ങൾ മികച്ച ചർച്ചകൾ നടത്തിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ജാവ 42 മോഡൽ അവതരിപ്പിച്ചു

**കൊച്ചി**: ഇന്ത്യയിൽ നിയോക്ലാസിക് മോട്ടോർസൈക്കിളുകൾ പരിചയപ്പെടുത്തിയ ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്, 2024 ജാവ 42 മോഡൽ വിപണിയിൽ അവതരിപ്പിച്ചു. ഡിസൈൻ, പെർഫോമൻസ്, എഞ്ചിനീയറിങ് എന്നിവയുടെ സമാനതകളില്ലാത്ത സംയോജനത്തോടെ എത്തുന്ന 2024 മോഡൽ, ഈ വിഭാഗത്തിൽ ഒരു പുതിയ മാനദണ്ഡം സ്ഥാപിച്ച് ആവേശകരമായ റൈഡിങ് അനുഭവമാണ് വാഗ്ദാനം ചെയ്യുന്നത്. 1,72,942 രൂപയാണ് പുതിയ മോഡലിൻറെ പ്രാരംഭ വില. വിപ്ലവകരമായ അപ്ഗ്രേഡുകളോടെയാണ് 2024 ജാവ 42 എത്തുന്നത്. 27.32 പിഎസ് പവറും 26.84 എൻഎം ടോർക്കും നൽകുന്ന പുതിയ 294 സിസി ജെ പാന്തർ ലിക്വിഡ്കൂൾഡ് എഞ്ചിനാണ് 2024 ജാവ 42ന് കരുത്തേകുന്നത്. പരിഷ്കരിച്ച എൻവിഎച്ച് ലെവൽസ്, ഗിയർ അധിഷ്ഠിത ത്രോട്ടിൽ മാപ്പിങ്, സുഗമമായ ഷിഫ്റ്റിങ് എന്നിവയും പ്രധാന സവിശേഷതയാണ്. മെച്ചപ്പെടുത്തിയ ഗ്രൗണ്ട് ക്ലിയറൻസ്, റീട്യൂണ്ട് സസ്പെൻഷൻ, മെച്ചപ്പെടുത്തിയ സീറ്റ്, ബെസ്റ്റ്ഇൻ ക്ലാസ് ബ്രേക്കിങ് എന്നിവ സുരക്ഷയിലും റൈഡിങിലും പുതിയ മാനദണ്ഡം സൃഷ്ടിക്കും. ഡിജിറ്റൽ സ്പീഡോമീറ്റർ, ഓപ്ഷണൽ യുഎസ്ബി ചാർജിങുമാണ് മറ്റു പ്രധാന സവിശേഷതകൾ .ഉപഭോക്താക്കളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ആകെ 42ലേറെ നവീകരണങ്ങൾ പുതിയ മോഡലിൽ വരുത്തിയിട്ടുണ്ട്. വേഗ വൈറ്റ്,



വോയേജർ റെഡ്, ആസ്റ്ററോയിഡ് ഗ്രേ, ഒഡീസി ബ്ലാക്ക്, നെബുല ബ്ലൂ, സെലസ്റ്റിയൽ കോപ്പർ മാറ്റ് എന്നീ 6 പുതിയ ബോൾഡ് നിറങ്ങൾക്കൊപ്പം 14 ശ്രദ്ധേയമായ നിറഭേദങ്ങളിലാണ് 2024 ജാവ 42 വിപണിയിൽ എത്തുന്നത്.മോട്ടോർ സൈക്കിൾ എഞ്ചിനീയറിങിൻറെ സമഗ്രമായ സമീപനത്തിൻറെ തെളിവാണ് 2024 ജാവ 42 എന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സഹസ്ഥാപകൻ അനുപം തരേജ പറഞ്ഞു. നിർമാണത്തിൻറെ ഓരോ ഘട്ടത്തിലും പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചാണ് 2024 ജാവ 42 രൂപകൽപന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സോണി ഇന്ത്യ എക്സ്ക്ലൂസീവ് ഓണം ഓഫറുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** ഓണാഘോഷങ്ങളോടനുബന്ധിച്ച് സോണി ഇന്ത്യ എക്സ്ക്ലൂസീവ് ഓണം ഓഫറുകൾ പ്രഖ്യാപിച്ചു. ബ്രാവിയ ടെലിവിഷനുകൾ, പ്രീമിയം സൗണ്ട്ബാറുകൾ, ഏറ്റവും പുതിയ പാർട്ടി സ്പീക്കറുകൾ, പുതിയ ഡിജിറ്റൽ ഇമേജിങ് ഉത്പന്നങ്ങൾ, ഹെഡ്ഫോണുകൾ, ഇയർബഡ്സുകൾ, എന്നിവയിലെല്ലാം ഉപഭോക്താക്കൾക്ക് അവിശ്വസനീയമായ വിലക്കുറവും ആനുകൂല്യങ്ങളും ലഭിക്കും. 2024 സെപ്തംബർ 23 വരെയോ സ്റ്റോക്കുകൾ അവസാനിക്കുന്നത് വരെയോ ആയിരിക്കും ഓണം ഓഫറുകളുടെ കാലാവധി.തിരഞ്ഞെടുത്ത ഫിനാൻസ് പാർട്ണർമാർ മുഖേന പ്രോസസിങ് ഫീസില്ലാതെ എളുപ്പത്തിലുള്ള ഇഎംഐ, ഫിനാൻസ് സ്കീമുകളും ഉപഭോക്താക്കൾക്ക് ഈ കാലയളവിൽ പ്രയോജനപ്പെടുത്താം. കേരളമൊട്ടാകെ സോണി ഇന്ത്യക്ക് 447ലധികം റീട്ടെയിൽ കൗണ്ടർ സാനിധ്യമുണ്ട്. 200ലധികം സർവീസ് ടെക്നീഷ്യൻമാരും, സ്റ്റാഫ് അംഗങ്ങളും അടങ്ങുന്ന ഒരു പ്രൊഫഷണൽ ടീമിൻറെ പിന്തുണയോടെയാണ് ഈ സർവീസ് നെറ്റ്വർക്ക് പ്രവർത്തിക്കുന്നത്.തങ്ങളുടെ ഉപഭോക്താക്കൾക്ക് പ്രീമിയം ഉല്പ്പന്നങ്ങളും അത്യാധുനിക സാങ്കേതികവിദ്യയും നല്കുന്നതിന് സോണി ഇന്ത്യ പ്രതിജ്ഞാബദ്ധരാണെന്ന് സോണി ഇന്ത്യ കൊച്ചി ബ്രാഞ്ച് ഹെഡ് അനീഷ് നായർ പറഞ്ഞു. ഉത്സവ സീസണിന് ഓണത്തോടെ തുടക്കം കുറിക്കുമ്പോൾ പ്രത്യേക പ്രൊമോഷണൽ ഡീലുകളും അനായാസം ലഭിക്കുന്ന സർവീസ് സ്കീമുകളും വാഗ്ദാനം ചെയ്യുന്നതിൽ തങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. ഈ ഓണം സോണിക്കൊപ്പം ആഘോഷിക്കാനും, തങ്ങളുടെ പ്രത്യേക ഓഫറുകൾ പ്രയോജനപ്പെടുത്താനും എല്ലാവരെയും ക്ഷണിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# സ്മാർട്ട് വാച്ചിന്റെ കളർ മാറി നൽകി ; ഓൺലൈൻ വ്യാപാരി നഷ്ടപരിഹാരം നൽകണം : ഉപഭോക്തൃ തർക്ക പരിഹാര കോടതി

**കൊച്ചി:** വിൽപ്പന വർധിപ്പിക്കുന്നതിനും, അമിത ലാഭത്തിനും വേണ്ടി ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ച് ഉൽപ്പന്നങ്ങൾ വിൽക്കുന്നത് സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി.ഉപഭോക്താവിനെ കബളിപ്പിച്ച ഓൺലൈൻ വ്യാപാരി മുപ്പതിനായിരം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കോടതി വ്യക്തമാക്കി. എറണാകുളം, തൃപ്പൂണിത്തുറ സ്വദേശി ദേവേഷ് ഹരിദാസ് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.ബന്ധുവിന്റെ വിവാഹ ചടങ്ങിന് അണിയാൻ കറുത്ത സ്മാർട്ട് വാച്ച് ആണ് ഓൺലൈനിൽ പരാതിക്കാരൻ ഓർഡർ ചെയ്തത്. 3999/ രൂപ ഗൂഗിൾ പേ വഴി നൽകുകയും ചെയ്തു. എതിർകക്ഷി വാഗ്ദാനം ചെയ്ത പ്രകാരം കൊറിയറിൽ വാച്ച് ലഭിച്ചു, എന്നാൽ ബോക്സ് തുറന്നപ്പോൾ കറുത്ത വാച്ചിന് പകരം പിങ്ക് നിറത്തിലുള്ള സ്മാർട്ട് വാച്ചാണ് ഉപഭോക്താവിന് ലഭിച്ചത്. ബോക്സ് തുറക്കുന്നതിന്റെ വീഡിയോ സഹിതം എതിർകക്ഷിക്ക് പരാതി നൽകി . പക്ഷേ യാതൊരു നടപടിയും ഉണ്ടായില്ല.തുടർന്ന് എതിർകക്ഷിയുടെ ഇൻസ്റ്റഗ്രാം പേജ് വഴി പരാതി പറഞ്ഞപ്പോൾ 24 മണിക്കൂറിനകം പരാതി പരിഹരിക്കാം എന്ന് മറുപടി ലഭിച്ചു. പക്ഷേ ഒന്നും സംഭവിച്ചില്ല. ഈ സാഹചര്യത്തിൽ, നഷ്ടപരിഹാരവും കോടതി ചെലവും ആവശ്യപ്പെട്ടാണ് പരാതിക്കാരൻ കോടതിയെ സമീപിച്ചത്.ബന്ധുവിന്റെ വളരെ പ്രധാനപ്പെട്ട വിവാഹ ചടങ്ങിൽ പങ്കെടുക്കുന്നതിന് വേണ്ടി പ്രത്യേക നിറമുള്ള വാച്ച് അണിയാൻ ഉപഭോക്താവ് തീരുമാനിക്കുകയും അതനുസരിച്ച് ഓർഡർ നൽകുകയും ചെയ്തു. എതിർകക്ഷിയുടെ വാഗ്ദാന ലംഘനം മൂലം പരാതിക്കാരൻ ഏറെ നിരാശനാവുകയും ചെയ്തു. കൂടാതെ, അശ്രദ്ധയും കബളിപ്പിക്കൽ മൂലവും പരാതിക്കാരന് ഏറെ മന: ക്ലേശവും ബുദ്ധിമുട്ടുകളും ഉണ്ടാക്കിയ എതിർകക്ഷി ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണമെന്ന് ഡി.ബി ബിനു അധ്യക്ഷനും മെമ്പർമാരായ വി. രാമചന്ദ്രൻ , ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളായ ബെഞ്ച് എതിർകക്ഷിക്ക് നിർദേശം നൽകി.ഇരുപതിനായിരം രൂപ നഷ്ടപരിഹാരവും പതിനായിരം രൂപ കോടതി ചെലവും 45 ദിവസത്തിനകം പരാതിക്കാരന് നൽകാൻ കോടതി എതിർകക്ഷിക്ക് നിർദേശം നൽകി.

## മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ ഇന്റർവ്യൂ 20ന്

**കൊച്ചി:** സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള എടവനക്കാട്, എറണാകുളം തേവര ഫെറി എന്നിവിടങ്ങളിലെ പരിപാലന കേന്ദ്രങ്ങളിൽ കഴിയുന്നവരെ രാവും പകലും പരിചരിക്കുകയും സ്ഥാപനം വൃത്തിയാക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ, ജെപിഎച്ച്എൻ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യത എട്ടാം ക്ലാസ് ജയിച്ചിരിക്കണം. വയസ് 50. ഉയർന്ന പ്രായപരിധി 2024 ആഗസ്റ്റ് ഒന്നിന് 50 വയസ് കവിയരുത്. വേതനം 18,390. എടവനക്കാട് കേന്ദ്രത്തിൽ ഒഴിവുകളുടെ എണ്ണം എട്ട്. ജെപിഎച്ച്എൻ യോഗ്യത പ്ലസ് ടു വിത്ത് എൻഎം കോഴ്സ് പാസായിരിക്കണം. വയസ് 50. ഉയർന്ന പ്രായപരിധി 2024 ആഗസ്റ്റ് ഒന്നിന് 50 വയസ് കവിയരുത്, വേതനം 24520. ഒഴിവുകളുടെ എണ്ണം രണ്ട്. ബയോഡാറ്റയും സ്വയം സാക്ഷ്യപ്പെടുത്തിയ അസൽ സർട്ടിഫിക്കറ്റുകളുടെ കോപ്പികളും സഹിതം എടവനക്കാട് പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനം ആന്റ് ഡിമെൻഷ്യ കെയർ സെന്ററിലേക്ക് ആഗസ്റ്റ് 20 ന് വൈകിട്ട് അഞ്ചുവരെ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സ്വീകരിക്കും. ഇന്റർവ്യൂ തീയതി പിന്നീട് അറിയിക്കും. വിലാസം സൂപ്രണ്ട്, സർക്കാർ വൃദ്ധസദനം ആന്റ് ഡിമെൻഷ്യ കെയർ സെന്റർ, ഇല്ലത്തുപടി (പി.ഒ) എടവനക്കാട്, പിൻ 682502, ഫോൺ 04842506990. തേവര ഫെറിയിൽ പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനം ആന്റ് ഡിമെൻഷ്യ കെയർ വൃദ്ധസദനത്തിലേക്കും സമാനതസ്തികളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.മൾട്ടി ടാസ്ക് പ്രൊവൈഡർ യോഗ്യത എട്ടാം ക്ലാസ് ജയിച്ചിരിക്കണം. വയസ് 50. ഉയർന്ന പ്രായപരിധി 2024 ആഗസ്റ്റ് ഒന്നിന് 50 വയസ് കവിയരുത്. വേതനം 18,390. ഒഴിവുകളുടെ എണ്ണം എട്ട്.ജെപിഎച്ച്എൻ യോഗ്യത പ്ലസ്ടു വിത്ത് എൻഎം കോഴ്സ് പാസായിരിക്കണം. ഉയർന്ന പ്രായപരിധി 2024 ആഗസ്റ്റ് ഒന്നിന് 50 വയസ് കവിയരുത്, വേതനം 24520. ഒഴിവുകളുടെ എണ്ണം രണ്ട്. ബയോഡാറ്റയും സ്വയം സാക്ഷ്യപ്പെടുത്തിയ അസൽ സർട്ടിഫിക്കറ്റുകളുടെ കോപ്പികളും സഹിതം എറണാകുളം തേവരഫെറിയിൽ പ്രവർത്തിക്കുന്ന ഗവ. ഓൾഡേജ് ഹോമിൽ ആഗസ്റ്റ് 20ന് വൈകുന്നേരം 5 വരെ നേരിട്ടോ, തപാൽ മുഖേനയോ അപേക്ഷ സ്വീകരിക്കും. ഇന്റർവ്യൂ തീയതി പിന്നീട് അറിയിക്കും. വിലാസം സൂപ്രണ്ട്, ഗവ. വൃദ്ധസദനം തേവര ഫെറി, എറണാകുളം, 682013, ഫോൺ: 04842603641.

## മാനേജ്മെന്റ് പ്രോഗ്രാം: അവസാന തീയതി ആഗസ്റ്റ് 20

**കൊച്ചി:** സംസ്ഥാന പൊതു വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്ആർസി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് പ്ലസ് ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ ലഭിക്കും. ഫോൺ 0471 2570471, 9846033001. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 20.

## വാക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം തേവര ഫെറിയിൽ ഗവ ഫിഷറീസ് സ്കൂളിന് എതിർവശത്ത് പ്രവർത്തിക്കുന്ന ഗവ വികലാംഗ വനിതാ മന്ദിരത്തിലെ നിവാസികളെ പരിചരിക്കുന്നതിനായി മൾട്ടി ടാസ്ക് കെയർ പ്രൊവൈഡറെ തെരഞ്ഞെടുക്കുന്നതിന് ആഗസ്റ്റ് 24 ന് രാവിലെ 11 ന് വനിതാ മന്ദിരത്തിൽ വാക്ഇൻ ഇന്റവ്യൂ നടത്തുന്നു. ജോലി താത്കാലിക വ്യവസ്ഥയിൽ കരാർ അടിസ്ഥാനത്തിലായിരിക്കും. ഉദ്യോഗാർഥികൾ എട്ടാം ക്ലാസ് യോഗ്യതയും ശാരീരിക ക്ഷമതയുമുള്ള 25 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകളായിരിക്കണം. രാത്രിയും പകലും ഡ്യൂട്ടിയും, അവശ്യ സന്ദർഭങ്ങളിൽ ആശുപത്രി ഡ്യൂട്ടിയും ചെയ്യാൻ സന്നദ്ധരായിരിക്കണം. ഉദ്യോഗാർഥികൾ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ, പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്, ആധാർ, ഇലക്ടറൽ ഐ ഡി/റേഷൻ കാർഡ് എന്നിവയുടെ അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ആഗസ്റ്റ് 24 ന് രാവിലെ 11 ന് എറണാകുളം ഗവ വികലാംഗ വനിതാമന്ദിരത്തിൽ എത്തണം.

## വായ്പ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വ്യക്തിഗത സ്വയം തൊഴിൽ വായ്പ, വാഹന വായ്പ തുടങ്ങിയ വായ്പ പദ്ധതികളിലേക്ക് ജാമ്യ വ്യവസ്ഥയിൽ എറണാകുളം ജില്ലയിലെ പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വെറ്റിലയിൽ പ്രവർത്തിക്കുന്ന ജേല്ലാ കാര്യാലയവുമായി ബന്ധപ്പെടുക . ഫോൺ 0484 2302663; 9400068507.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 5100 സ്കോളർഷിപ്പുകളുമായി റിലയൻസ് ഫൗണ്ടേഷൻ

**മുംബൈ:** 2024-25 അക്കാഡമിക് വർഷത്തേക്കുള്ള തങ്ങളുടെ സ്കോളർഷിപ്പ് പദ്ധതിക്ക് അപേക്ഷകൾ ക്ഷണിച്ച് റിലയൻസ് ഫൗണ്ടേഷൻ. രാജ്യത്താകമാനമുള്ള 5,100 വിദ്യാർത്ഥികൾക്കായാണ് ഈ വർഷം സ്കോളർഷിപ്പ് നൽകുന്നത്. ബിരുദ, ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുക. രാജ്യത്തിന്റെ വളർച്ചയ്ക്കായി യുവതലമുറയെ ശാക്തീകരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ് നൽകുന്നതെന്ന് റിലയൻസ് ഫൗണ്ടേഷൻ അധികൃതർ വ്യക്തമാക്കി.ഇതിനായി യോഗ്യരായ വിദ്യാർത്ഥികളെ കണ്ടെത്തി, പ്രോൽസാഹിപ്പിച്ച്, സാമ്പത്തിക പിന്തുണ നൽകുന്നതാണ് പദ്ധതി. വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക്, പ്രൊഫഷണൽ അഭിലാഷങ്ങൾ എത്തിപ്പിടിക്കുന്നതിന് സഹായിക്കുന്നതാണ് ഈ സമഗ്ര സാമ്പത്തിക സഹായ പദ്ധതിയെന്ന് റിലയൻസ് ഫൗണ്ടേഷൻ വ്യക്തമാക്കി. രാജ്യത്ത് എവിടെയും ഫുൾടൈം റെഗുലർ കോഴ്സുകളിൽ പഠിക്കുന്ന ആദ്യവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി അപേക്ഷ നൽകാവുന്നതാണ്. www.scholarships.reliancefoundation.org. എന്ന വെബ്സൈറ്റിലൂടെഓൺലൈനായാണ് വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്. ബിരുദതലത്തിൽ വിദ്യാർത്ഥികളുടെ ആപ്റ്റിറ്റ്യൂഡും സാമ്പത്തിക പശ്ചാത്തലവും പരിശോധിച്ചാണ് സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുക. അക്കാദമിക് നേട്ടങ്ങൾ, പേഴ്സണൽ സ്റ്റേറ്റ്മെന്റ്സ്, അഭിമുഖങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാകും ബിരുദാനന്തര തലത്തിൽ സ്കോൾഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തുക. മികച്ച മനുഷ്യവിഭവശേഷിയെ കണ്ടെത്തുന്നതിനാണിത്.

# മുത്തൂറ്റ് ഫിനാൻസിന് 1079 കോടി അറ്റാദായം

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് നടപ്പുസാമ്പത്തിക വർഷം ജൂണിൽ അവസാനിച്ച ആദ്യ പാദത്തിൽ മുത്തൂറ്റ് ഫിനാൻസിന് 1079 കോടി രൂപയുടെ അറ്റാദായം. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 975 കോടി രൂപയായിരുന്നു അറ്റാദായം. 11 ശതമാനമാണ് വർധന. മൊത്തം വരുമാനം 23 ശതമാനം ഉയർന്ന് 3,710 കോടി രൂപയായി. മുൻ വർഷം സമാനപാദത്തിൽ 3,026 കോടി രൂപയായിരുന്നു. സ്വർണ വായ്പയിൽ കമ്പനി ചരിത്രനേട്ടമാണ് കൈവരിച്ചത്. സ്വർണ വായ്പാ ആസ്തി 11 ശതമാനം ഉയർന്ന് 8,043 കോടി രൂപയിലെത്തി. കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികളുടെ മൂല്യം 84,324 കോടി രൂപയാണ്. അതേസമയം, കമ്പനി 1196 കോടി രൂപയുടെ സംയോജിത അറ്റാദായം നേടി. അറ്റാദായത്തിൽ 14 ശതമാനമാണ് വർധന. കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തികളുടെ മൂല്യം 98,000 കോടി കടന്നു.2024 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലെ കണക്കുകൾ പ്രകാരം മുത്തൂറ്റ് ഫിനാൻസിന് മൊത്തം 6,759 ശാഖകളാണുള്ളത്.കമ്പനിയുടെ വായ്പാ ആസ്തി എക്കാലത്തെയും ഉയർ ഹന്ന നിരക്കാണ് നേടിയത്. സബ്സിഡിയടക്കം മികച്ച മുന്നേറ്റമാണ് ഒന്നാം പാദത്തിൽ കാഴ്ചവെച്ചതെന്ന് മുത്തൂറ്റ് ഫിനാൻസ് ചെയർമാൻ ശ്രീ ജോർജ് ജേക്കബ് മുത്തൂറ്റ് പറഞ്ഞു.ഹൗസിംഗ് ഫിനാൻസ് വിഭാഗത്തിൽ 221 കോടി രൂപയാണ് വിതരണം ചെയ്തത്. മുൻവർഷം ഇതേ പാദത്തിൽ 109 കോടി രൂപയായിരുന്നുവെന്ന് മാനേജിംഗ് ഡയറക്ടർ ശ്രീ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

# ആനുകൂല്യങ്ങളുമായി ഫെഡറൽ ബാങ്ക്

**കൊച്ചി :**സ്വാതന്ത്ര്യത്തിന്റെ 77 വർഷങ്ങളോടനുബന്ധിച്ച് ജോയ് ഓഫ് ഫ്രീഡം എന്ന കാംപെയിന് ഫെഡറൽ ബാങ്ക് തുടക്കം കുറിച്ചു.ഇതിന്റെ ഭാഗമായി ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് ആകർഷകമായ 77 ആനുകൂല്യങ്ങൾ ലഭിക്കും. അജിയോ, ഫ്ലിപ്കാർട്ട്, ക്രോമ, എയർ ഇന്ത്യ, ഗോഇബിബോ, ഈസി ഡൈനിങ്, സൊമാറ്റോ, സ്വിഗി, ജിയോമാർട്ട്, വിജയ് സെയിൽ തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളും സേവനങ്ങളും ആനുകൂല്യത്തിന്റെ ഭാഗമാണ്.രാജ്യം സ്വാതന്ത്ര്യത്തിന്റെ 77 വർഷങ്ങൾ ആഘോഷിക്കുമ്പോൾ മുന്പില്ലാത്ത വിധത്തിൽ ആനുകൂല്യങ്ങളും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമായാണ് ജോയ് ഓഫ് ഫ്രീഡം ക്യാമ്പയിൻ അവതരിപ്പിക്കുന്നതെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ എംവിഎസ് മൂർത്തി പറഞ്ഞു. 77 ഇൻഫ്ളുവൻസർമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സോഷ്യൽ മീഡിയ കാംപെയ്നും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

# സ്വാതന്ത്ര്യദിനാഘോഷവും അവാർഡ് വിതരണവും

**കൊച്ചി:** ടീം പൊറ്റക്കുഴി വാട്സ് ആപ്പ് ഗ്രൂപ്പിന്റെ സ്വാതന്ത്ര്യദിനാഘോഷവും അവാർഡ് വിതരണവും ഇന്ന് നടക്കും. പുതിയ റോഡ് ടി.പി.ജംഗ്ഷനിൽ രാവിലെ 9ന് ടീം പൊറ്റക്കുഴി വാട്സ് ആപ്പ് ഗ്രൂപ്പ് വൈസ് പ്രസിഡന്റ് ജോർജ് വിക്ടർ പതാക ഉയർത്തും. തുടർന്ന് പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ രാവിലെ 9.30 ന് നടക്കുന്ന പൊതുസമ്മേളനം കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്യും. ടീം പൊറ്റക്കുഴി പ്രസിഡന്റ് ആന്റണി ഫ്രാൻസിസ് അധ്യക്ഷത വഹിക്കും. പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ ഇടവക വികാരി ഫാ.പാട്രിക് ഇലവുങ്കൽ മുഖ്യപ്രഭാഷണം നടത്തും. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകും. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഇ.എ ജോസഫ്, കെ.എം.ഉദയൻ, എം.എ ഉമ്മർ, വി.വി മോഹനൻ, ചാണ്ടി ഇല്ലിപ്പറമ്പിൽ, നിഷ മാരിയപ്പൻ എന്നിവരെ ചടങ്ങിൽ ആദരിക്കും. ടീം പൊറ്റക്കുഴി വാട്സ് ആപ്പ് ഗ്രൂപ്പ് സെക്രട്ടറി കെ.എ.ആസാദ്, ജനറൽ കൺവീനർ ജോണി എം.ജോസഫ്, വാർഡ് കൗൺസിലർ സി.എ ഷക്കീർ, ദഅവ മസ്ജിദ് ഖത്തീബ് വി.ടി.മുഹമ്മദ് കോയ തങ്ങൾ, ബാലഭദ്രാ ദേവീക്ഷേത്രം മേൽശാന്തി ആനന്ദകൃഷ്ണ ശർമ്മ തുടങ്ങിയവർ സംസാരിക്കും.

## യുവ സാഹിത്യ ക്യാമ്പ്

**കൊച്ചി;** സംസ്ഥാന യുവജന ക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന യുവ സാഹിത്യ ക്യാമ്പിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ളവർ തങ്ങളുടെ രചനകൾ (കഥ, കവിത മലയാളത്തിൽ) സെപ്റ്റംബർ 30 നു മുമ്പോ sahithyacamp2024@gmail.com ഇമെയിൽ വിലാസത്തിലോ തപാൽ മുഖേനയോ അയക്കണം.രചയിതാവിന്റെ പേരും വിലാസവും സൃഷ്ടികളോടൊപ്പം രേഖപ്പെടുത്തണം. മുമ്പ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും മൗലികവുമായ രചനകൾ ഡിറ്റിപി ചെയ്ത്, വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി (എസ്എസ്എൽസി സർട്ടിഫിക്കറ്റ്/ആധാർ/ വോട്ടർ ഐഡി ഇവയിൽ ഏതെങ്കിലും ഒരെണ്ണം) ബയോഡാറ്റാ വാട്സാപ്പ് നമ്പർ സഹിതം നൽകണം. കവിത 60 വരിയിലും കഥ ഫുൾസ്കാപ്പ് പേജിലും കവിയരുത്.

## കേരള മീഡിയ അക്കാദമി: വീഡിയോ എഡിറ്റിംഗ് പരീക്ഷാഫലം

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ 2023 ഒക്ടോബർ ബാച്ച് വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷാഫലം പ്രഖ്യാപിച്ചു. ഉല്ലാസ് പി.റ്റി ഒന്നാം റാങ്കിനും ശന്തനു ഹരീഷ് പി രണ്ടാം റാങ്കിനും അബിൻ ബാബു മൂന്നാം റാങ്കിനും അർഹരായി.



സൊസൈറ്റി ടുഡേ
SOCIETY TODAY

# മണപ്പുറം ഫിനാൻസിന് 557 കോടി രൂപ അറ്റാദായം; 11.7 ശതമാനം വർധന

## കമ്പനിയുടെ ഇടക്കാല ലാഭവിഹിതം ഓഹരി ഒന്നിന് 1 രൂപ നിരക്കിൽ

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷം ജൂൺ 30ന് അവസാനിച്ച ആദ്യ പാദത്തിൽ മികച്ച വളർച്ചയോടെ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് 556.5 കോടി രൂപ സംയോജിത അറ്റാദായം നേടി. മുൻ വർഷം ഇതേ പാദത്തിലെ 498 കോടി രൂപയിൽ നിന്നും 11.7 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തികളുടെ മൂല്യം 21 % ശതമാനം വാർഷിക വർധനയോടെ 44,932 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ പാദത്തേക്കാൾ 6.8 ശതമാനം വർധനവാണ് രേഖപ്പെടുത്തിയത്. സബ്സിഡിയറികൾ ഉൾപ്പെടാതെ ഉള്ള കമ്പനിയുടെ അറ്റാദായം 441 കോടി രൂപയാണ്. സംയോജിത പ്രവർത്തന വരുമാനം 23 ശതമാനം വർധിച്ച് 2,488 കോടി രൂപയിലെത്തി. സംയോജിത സ്വർണ വായ്പാ പോർട്ട്ഫോളിയോ 14.8 ശതമാനം വർധിച്ച് 23,647 കോടി രൂപയിലെത്തി. 2024 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിക്ക് 26 ലക്ഷം സജീവ സ്വർണ വായ്പാ ഉപഭോക്താക്കളുണ്ട്.

സ്വർണ്ണ വായ്പ ആസ്തിയിൽ മികച്ച നേട്ടം കൈവരിക്കാൻ ഈ പാദത്തിൽ കമ്പനിക്ക് സാധിച്ചു. വാർഷികാടിസ്ഥാനത്തിൽ 15 ശതമാനം വളർച്ചയും, തുടർച്ചയായി 10% വളർച്ചയുമാണ് രേഖപ്പെടുത്തിയത് . കമ്പനിയുടെ സ്വർണ്ണ വായ്പാ ഇതര ബിസിനസുകളിൽ മികച്ച നേട്ടം കൈവരിക്കുന്നതിനോടോപ്പം, ആസ്തിയിലും അറ്റാദായത്തിലും മുന്നേറ്റം ചെലുത്താൻ ഞങ്ങളുടെ സ്വർണ ഇതര സ്ഥാപനങ്ങൾക്കു കഴിഞ്ഞുവെന്നും മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി. പി. നന്ദകുമാർ പറഞ്ഞു.

മണപ്പുറത്തിനു കീഴിലുള്ള ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡിൻെറ ആസ്തി മൂല്യം ഒന്നാം പാദത്തിൽ 21 ശതമാനം വർധനയോടെ 12,310 കോടി രൂപയിലും, അറ്റാദായം 100 കോടി രൂപയിലുമെത്തി. മുൻവർഷമിത് 10,141 കോടി രൂപയായിരുന്നു. ഭവനവായ്പാ സബ്സിഡിയറിയായ മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡും സ്ഥിരതയുള്ള ആസ്തി വർധന നേടി. മുൻ വർഷത്തെ അപേക്ഷിച്ച് 32 ശതമാനം വർധനയോടെ ആസ്തി മൂല്യം 1,587 കോടി രൂപയിലെത്തി. വെഹിക്കിൾ ആൻറ് എക്യുപ്മെൻറ് ഫിനാൻസ് വിഭാഗത്തിൻെറ ആസ്തി മൂല്യം 4,541 കോടി രൂപയിലെത്തി. 63.4 ശതമാനത്തിൻെറ കരുത്തുറ്റ വളർച്ചയാണ് കൈവരിച്ചത്.

കമ്പനിയുടെ സംയോജിത ആസ്തിയുടെ 47 ശതമാനവും സ്വർണ വായ്പാ ഇതര ബിസിനസുകളിൽ നിന്നാണ്. സബ്സിഡിയറികൾ ഉൾപ്പെടാതെയുള്ള കമ്പനിയുടെ ശരാശരി കടമെടുക്കൽ പലിശ നിരക്ക് 9 ശതമാനമാണ്. മുൻവർഷം 8.3 ശതമാനമായിരുന്നു ഇത്. മൊത്ത നിഷ്ക്രിയ ആസ്തി 1.96 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി 1.7 ശതമാനവുമാണ്. ജൂൺ 30ന് അവസാനിച്ച ആദ്യ പാദത്തിൽ കമ്പനിയുടെ സംയോജിത അറ്റ മൂല്യം 12,021 കോടി രൂപയായി ഉയർന്നു. പ്രതി ഓഹരി ബുക്ക് വാല്യു 142 രൂപയും, മൂലധന പര്യാപ്തതാ അനുപാതം 29.6 ശതമാനവുമാണ്. 68 ലക്ഷം ഉപഭോക്താക്കളുള്ള കമ്പനിയുടെ, എല്ലാ സബ്സിഡിയറികളും ഉൾപ്പെടെയുള്ള സംയോജിത കടം 38,463 കോടി രൂപയാണ്.

# ഓണക്കാലം അടുത്തതോടെ വിപണിയിൽ നേന്ത്രക്കായ വില കൂട്ടുന്നു

**പാലക്കാട്:** ഓണക്കാലം അടുത്തതോടെ വിപണിയിൽ നേന്ത്രക്കായ വില ഉയരുന്നു. കിലോയ്ക്ക് 60 രൂപയാണ് നിലവിലെ വില. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ മാത്രം നേന്ത്രക്കായയുടെ മൊത്തവില കിലോയ്ക്ക് 14 രൂപയാണ് കൂടിയത്. ആഗസ്റ്റ് ഒന്നിന് പാലക്കാട് മാർക്കറ്റിൽ കിലോയ്ക്ക് 45 ആയിരുന്നു വില. ഇന്നലെ അത് 60 ആയി. ജൂലായ് ആദ്യം മൊത്തവില 38 മാത്രമായിരുന്നു. കഴിഞ്ഞവർഷം ഇതേസമയത്തെ നേന്ത്രക്കായയുടെ മൊത്തവില കിലോയ്ക്ക് 37ഉം 2022ൽ 50ഉം ആയിരുന്നു.നിലവിൽ പാലക്കാട്ടേക്ക് നേന്ത്രക്കായ വരുന്നത് കർണാടകത്തിൽനിന്നും തമിഴ്നാട്ടിലെ മേട്ടുപ്പാളയത്തു നിന്നുമാണ്.



വരും ദിവസങ്ങളിൽ വില ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നും കച്ചവടക്കാർ പറയുന്നു. വിലകൂടിയതോടെ പ്രാദേശിക നേന്ത്രവാഴ കർഷകർക്ക് ആശ്വാസമായി. കിലോയ്ക്ക് ശരാശരി 40 രൂപവരെ കിട്ടുന്നുണ്ടെന്ന് കർഷകർ പറയുന്നു.നേന്ത്ര വാഴ കർഷകർക്ക് ഓണവിപണിയാണ് പ്രതീക്ഷ. ഓണത്തിന് ഒരുമാസം മുമ്പേ വില ഉയർന്നത് കർഷകർക്ക് തെല്ലൊരു ആശ്വാസം നൽകുന്നുണ്ട്.

ഇത് മുന്നിൽക്കണ്ട് വിളവെടുപ്പ് തുടങ്ങിയിട്ടുണ്ട്. ഓണത്തിനോടനുബന്ധിച്ച് കായ വറുത്തതിന്റെ വിപണി സജീവമാകുന്നതോടെ സ്വാഭാവികമായും നാടൻ പച്ച നേന്ത്രക്കായയ്ക്ക് ആവശ്യം കൂടും.കായ വറുത്തതിന് കിലോയ്ക്ക് 340 രൂപയുണ്ടായിരുന്നത് 20 രൂപ വർദ്ധിച്ച് 360 ആയി.

ഓണം നാളുകളിൽ അത് 400 കടക്കുമെന്ന് ഉറപ്പായി. നേന്ത്രക്കായ വില കിലോയ്ക്ക് 40 രൂപയുണ്ടായിരുന്ന സമയത്തെ വിലയാണ് ഇപ്പോഴും ചിപ്സിന് ഈടാക്കുന്നതെന്നും ഈനില തുടർന്നാൽ വില ഉയർത്തേണ്ടിവരുമെന്നും കച്ചവടക്കാർ പറയുന്നു.വില്ലനായത് മഴകനത്ത മഴയിലും കാറ്റിലും നേന്ത്രവാഴക്കൃഷി വ്യാപകമായി നശിച്ചതും വില ഉയരാൻ കാരണമായി. കേരളത്തിൽ ഇടുക്കി, വയനാട് മേഖലകളിലാണ് നേന്ത്രവാഴ കൃഷി വ്യാപകമായുള്ളത്. ശക്തമായ മഴയിലും കാറ്റിലും വയനാടിലെ ഉരുൾപൊട്ടലിലും വാഴകൃഷിക്ക് വ്യാപകമായ നാശനഷ്ടമുണ്ടായി. മഴയിൽ ജില്ലയിൽ മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകളിലും വാഴകൃഷിക്ക് പരക്കെ നാശനഷ്ടമുണ്ടായി.

# ഡിഗ്രി കോഴ്സുകളിൽ സീറ്റ് ഒഴിവ്

**കൊച്ചി:** ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ കൊടുങ്ങല്ലൂർ എറിയാട് പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ 202425 അധ്യായനവർഷത്തേക്കുള്ള ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ഓണേഴ്സ്, ബി.കോം ഓണേഴ്സ് സ്പെഷ്യലൈസേഷ9 ഇ9 കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എ ഇംഗ്ലീഷ് ആന്റ് ലിറ്ററേച്ച9 ഓണേഴ്സ് ബിസിഎ ഓണേഴ്സ്, ബിസിഎ ഓണേഴ്സ് എന്നീ കോഴ്സുകളിൽ സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകൻ കാലിക്കറ്റ് സർവ്വകലാശാലയുടെ ക്യാപ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കിയിരിക്കണം. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ കോളേജ് ഓഫീസുമായി 20.08.2024ന് മുൻപായി ബന്ധപ്പെടുക.ഫോൺ : 0480 2816270, 9496119296

# സൗജന്യ തൊഴിലധിഷ്ഠിത കോഴ്സ്

**കൊച്ചി:** ജില്ലാ പഞ്ചായത്തും, പട്ടികജാതി വികസന വകുപ്പും സംയുക്തമായി, പട്ടിക ജാതി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കലൂർ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ് സ്കൂളിലാണ് കോഴ്സ് നടക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി സ്റ്റൈപ്പൻ്റ് ലഭിക്കും. ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ആഗസ്റ്റ് 21 നു മുമ്പായി അപേക്ഷിക്കണം. കോഴ്സുകളുടെ വിശദാംശങ്ങൾ എ.ഐ അസിസ്റ്റഡ് ഡൊമസ്റ്റിക് ഡാറ്റാ എൻട്രി ഓപറേറ്റർ, എസ്.എസ്.എൽ.സി, കോഴ്സ് കാലാവധി നാല് മാസം. എ.ഐ ഇൻ്റഗ്രേറ്റഡ് വെബ് ഡവലപർ, പ്ലസ് ടു, കാലാവധി അഞ്ച് മാസം. ഡിജിറ്റൽ കണ്ടന്റ് ഡവലപർ, പ്ലസ് ടു, കാലാവധി അഞ്ച് മാസം. സെർച്ച് എഞ്ചിൻ ഒപ്റ്റിമൈസേഷൻ എക്സിക്യൂട്ടീവ്, പ്ലസ് ടു (സയൻസ് / കംപ്യൂട്ടർ ), കാലാവധി അഞ്ച് മാസം മാസം. അക്കൗണ്ട്സ് എക്സിക്യൂട്ടീവ് വിത്ത് ടാലി, പ്ലസ് ടു, കാലാവധി നാല് മാസം. എ.ഐ അസിസ്റ്റഡ് മൾട്ടിഫങ്ഷൻ ഓഫീസ് എക്സിക്യൂട്ടീവ്, പ്ലസ് ടു, കാലാവധി അഞ്ച് മാസം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842985252.

# ഡിപ്ലോമ ഇൻ എയർലൈൻ & എയർപോർട്ട് മാനേജ്മെന്റിന് 20 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്. ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരം നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ ലഭിക്കും. ഫോൺ 0471 2570471, 9846033001 . പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 20.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള ഗവണ്മെന്റിന്റെ ഹയർ എഡ്യൂക്കേഷൻ ഡിപാർട്മെന്റിന് കീഴിലുള്ള അസാപ് കേരളയിൽ മൂന്ന് മാസം ദൈർഘ്യമുള്ള ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. 13100 രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് ംംം.മമുെസലൃമഹമ.ശി വെബ്സൈറ്റ് സന്ദർശിക്കുകയോ 7736925907/9495999688 ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം.

# ഹൗസ് കീപ്പിംഗ് സ്റ്റാഫ് അഭിമുഖം

**കൊച്ചി:** സിഡിറ്റിന്റെ എഫ്.എം.എസ്എം.വി.ഡി. പ്രൊജക്റ്റിന്റെ ഭാഗമായി ആർ ടി ഒ എറണാകുളം ഓഫീസിലേക്ക് ഹൗസ് കീപ്പിംഗ് സ്റ്റാഫിനെ തിരഞ്ഞെടുക്കുന്നു. ദിവസവേതന അടിസ്ഥാനത്തിൽ (പ്രതിദിനം 320 രൂപ) താത്കാലികമായി നിയമിക്കുന്നതിന് അഭിമുഖം നടത്തുന്നു.

ഓഗസ്റ്റ് 16 വെള്ളിയാഴ്ച രാവിലെ 11 ന് എറണാകുളം ആ4 ടി ഒ ഓഫീസിൽ നടത്തുന്ന നേരിട്ടുള്ള അഭിമുഖത്തിൽ സമാനമായ ജോലിയിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയമുള്ള ഉദ്യോഗാർഥികൾ ബയോഡേറ്റയും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും സട്ടിഫിക്കറ്റുകളും സഹിതം ഹാജരാകണം. ഫോൺ 9567933979.

# അഞ്ചു മാസം കൊണ്ട് 500 ഗ്രാം വളർച്ച; വറ്റക്കൃഷിക്ക് പുതിയ അവസരം

ഉയർന്ന വിപണിമൂല്യമുള്ള സമുദ്രമത്സ്യമായ വറ്റയുടെ കൃത്രിമ പ്രജനനം സാധ്യമാക്കുന്നതിനുള്ള വിത്തുൽപാദന സാങ്കേതികവിദ്യ വികസിപ്പിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കടൽമത്സ്യകൃഷിയിൽ വലിയ മുന്നേറ്റത്തിനു വഴിതുറക്കുന്ന ഈ നേട്ടത്തിലൂടെ കടലിലെയും തീരദേശ ജലാശയങ്ങളിലെയും കൂടുമത്സ്യക്കൃഷിക്കുള്ള കുഞ്ഞുങ്ങളെ ലഭ്യമാക്കാനാകും. മറ്റു മത്സ്യങ്ങളേക്കാൾ വേഗത്തിൽ വളരാനും പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാനും ശേഷിയുള്ള മത്സ്യമാണ് വറ്റ.



കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം ഗവേഷണ കേന്ദ്രത്തിലെ ഗവേഷകരാണ് സാങ്കേതികവിദ്യ വികസിപ്പിച്ചത്. സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരായ അംബരീഷ് പി. ഗോപ്, ഡോ. എം.ശക്തിവേൽ, ഡോ. ബി.സന്തോഷ് എന്നിവർ ഗവേഷണത്തിന് നേതൃത്വം നൽകി.

ഇന്ത്യപസിഫിക് മേഖലയിൽ ഏറെ ആവശ്യക്കാരുള്ള, വാണിജ്യസാധ്യതകൾ ഏറെയുള്ള മത്സ്യമാണ് വറ്റ. മികച്ച മാംസവും രുചിയുമാണ് ഇവയെ മത്സ്യപ്രേമികൾക്ക് പ്രിയപ്പെട്ടതാക്കുന്നത്. കിലോ 400,700 രൂപ വിലയുണ്ട്. കുറഞ്ഞ കാലം കൊണ്ട് മികച്ച വളർച്ച കൈവരിക്കുന്ന മത്സ്യമായതിനാൽ കൃഷിക്ക് ഏറെ അനുയോജ്യമാണ്. തീരദേശ റീഫുകളിലും ലഗൂണുകളിലും ഉൾക്കടലിലും ഇവയെ കണ്ടുവരുന്നു.

സിഎംഎഫ്ആർഐയുടെ പരീക്ഷണത്തിൽ, ഈ മത്സ്യം കൂടുകൃഷിയിൽ അഞ്ചു മാസം കൊണ്ട് 500 ഗ്രാം വരെയും എട്ടു മാസം കൊണ്ട് ഒരു കിലോ ഗ്രാം വരെയും വളർച്ച നേടുന്നതായി കണ്ടെത്തി.

കടൽ മത്സ്യക്കൃഷിയുടെ വളർച്ചയിൽ നിർണായകമായേക്കാവുന്ന നേട്ടമാണിതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ പറഞ്ഞു. കുറഞ്ഞ കാലയളവ് കൊണ്ട് മികച്ച വളർച്ച നേടുന്ന ആവശ്യക്കാരേറെയുള്ള മത്സ്യമായതിനാൽ വറ്റയുടെ കൃഷി മത്സ്യക്കർഷകരുടെ ഉപജീവനം മെച്ചപ്പെടുത്താൻ വഴിയൊരുക്കും.

ഇവയുടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ പ്രജനനരീതി കൂടുതൽ കാര്യക്ഷമമാക്കാനുള്ള ശ്രമത്തിലാണ് സിഎംഎഫ്ആർഐ. പെല്ലെറ്റ് തീറ്റകൾ നൽകി പെട്ടെന്ന് കൃഷിചെയ്ത് വളർത്താവുന്ന മത്സ്യമാണ് വറ്റ.

# അധിക മൂലധനം വേണ്ട, ജൈവ വളം നിർമിക്കാം

അത്യുത്പാദനം വാഗ്ദാനം ചെയ്യുന്ന രാസവളങ്ങൾ കാലക്രമേണ മണ്ണിൻറെ ഘടനയെയും ജൈവമൂലകങ്ങളെയും സൂക്ഷ്മ ജീവികളെയും നശിപ്പിക്കുകയും ജൈവഘടനയ്ക്ക് കോട്ടം വരുത്തുകയും ചെയ്യും.ഇവിടെയാണു സ്വന്തമായി ജൈവവളങ്ങൾ ഉത്പാദിപ്പിക്കുന്നതിൻറെ ആവശ്യകത ബോധ്യമാകുന്നത്. കൃഷിയോടൊപ്പം ജൈവവളവും ഉത്പാദിപ്പിക്കുന്നതിന് അമിതമായ അധ്വാനമോ മൂലധനമോ ആവശ്യമില്ല. അതിനുള്ള മനസും ക്ഷമയും മതി.



കരിയില കന്പോസ്റ്റ്, മിക്സഡ് കംപോസ്റ്റ്, അടുക്കള കംപോസ്റ്റ്, ഫിഷ് അമിനോ, എഗ് അമിനോ എന്നിവയാണു പ്രധാനമായും ഉത്പാദിപ്പിക്കുന്നത്. ഇതു നിർമിക്കുന്നതിനാവശ്യമായ മദർ കൾച്ചറും ഇഫക്ടീവ് മൈക്രോവിയൻ സൊല്യൂഷനും (ഇഎം സൊല്യൂഷൻ) ഉത്പാദിപ്പിക്കുന്നുണ്ട്.

കുറഞ്ഞ വിലയിൽ ജൈവവളങ്ങൾ കർഷകരിലെത്തിക്കുകയാണ് ലക്ഷ്യം. കരിയില കംപോസ്റ്റ് ഉണ്ടാക്കാൻ വളരെ എളുപ്പമാണ്. നന്നായി ഉണങ്ങിയ കരിയിലകൾ ടാർപായ വിരിച്ച് അതിൽ നിരത്തുക.

അതിൽ മദർ കൾച്ചറോ, ഇഎം സൊല്യൂഷനോ സ്പ്രേ ചെയ്യുക. മൂന്നു മാസം കൊണ്ട് കരിയില പൊടിഞ്ഞു പൊടി രൂപത്തിലാകും. തേയിലപ്പൊടി പോലെ ആകുന്ന കരിയിലപ്പൊടി വളമായി പ്രയോഗിക്കാം.

കരിയില, പച്ചിലകൾ, ചക്ക മടൽ, ഓലക്കാൽ, മരച്ചീനിയുടെ തോട്, ചക്ക, പച്ചക്കറികളുടെ അവശിഷ്ടങ്ങൾ, ആട്ടിൻ കാഷ്ഠം, കോഴിവളം, ചാണകപ്പൊടി, ചാരം തുടങ്ങിയവ എല്ലാം മിക്സഡ് കന്പോസ്റ്റിന് ഉപയോഗിക്കാം.ഇവ പരന്ന പാത്രത്തിലോ ടാർപ്പാളിലോ എടുക്കുക. മദർ കൾച്ചറോ, ഇഎം സൊല്യൂഷനോ സ്പ്രേ ചെയ്യുക. മൂന്നു മാസത്തിനകം പൊടി രൂപത്തിലാകും. കൂടുതൽ പോഷകമൂല്യവും ധാതുലവണങ്ങളും മൈക്രോ ന്യൂട്രീഷനുകളുമുള്ള ഈ വളം വളരെ മികച്ചതാണ്.ഇതേ രീതിയിൽ തന്നെയാണ് അടുക്കള കന്പോസ്റ്റും തയാറാക്കുന്നത്. അടുക്കളയിലെ മാലിന്യങ്ങൾ, പഴം പച്ചക്കറി മാലിന്യങ്ങൾ, മത്സ്യത്തിൻറെ അവശിഷ്ടങ്ങൾ, കൊഞ്ച്, ചെറിയ ഞണ്ട് എന്നിവയുടെ തോടുകൾ, കോഴിമാലിന്യം എന്നിവയെല്ലാം വളമുണ്ടാക്കാൻ പ്രയോജനപ്പെടുത്താം.

ഇതിൽ ഇഎം സൊല്യൂഷൻ സ്പ്രേ ചെയ്യണം. മൂന്നു മാസം കഴിഞ്ഞ് വളമായി ഉപയോഗിക്കാം. മികച്ച കായ്ഫലം ലഭിക്കാൻ പച്ചില ദ്രാവകം വളമായി പ്രയോഗിക്കാം. വേപ്പില, മുരിങ്ങയില, മറ്റ് ഇലകൾ എന്നിവ ബക്കറ്റിൽ നിറച്ച് വെള്ളം ഒഴിച്ചിടുക.ഒരാഴ്ച കഴിയുന്പോൾ നല്ല ദ്രാവകമായി മാറും. ഇതിൽ പത്തിരട്ടി വെള്ളം ചേർത്ത് വളമായി പ്രയോഗിക്കാം. നൈട്രജൻറെ അംശം കൂടുതലായതിനാൽ നല്ല വിളവ് ലഭിക്കും. പലതരം മത്സ്യങ്ങൾ മിക്സഡ് ഫിഷ് അമിനോയ്ക്ക് ഉപയോഗിക്കാം.ഒരു കിലോ മത്സ്യം ഒരു കിലോ ശർക്കരയുമായി മിക്സ് ചെയ്യുക. മത്സ്യങ്ങൾ കൂടാതെ ചെറിയ ഞണ്ട് കൊഞ്ച് എന്നിവയുടെ തോടുകളും ചേർക്കാം. പച്ച പപ്പായയുടെ കറയോ തൊലിയോ ചേർത്താൽ വേഗത്തിൽ ദ്രാവക രൂപത്തിലാകും.ഇത് അരിച്ചെടുത്ത് വളമായി പ്രയോഗിക്കാം. എല്ലാ മൂലകങ്ങളും മൈക്രോ ന്യൂട്രിനുകളും ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ മെച്ചപ്പെട്ട വിളവ് ലഭിക്കും. മുട്ടയും ശർക്കരയും ഉപയോഗിച്ചും ഇതേ രീതിയിൽ എഗ് അമിനോ ഉണ്ടാക്കാം.മാലിന്യങ്ങൾ ജൈവവളത്തിനായി മാറുന്പോൾ സ്വാഭാവികമായും പരിസര ശുചീകരണവും സംഭവിക്കും.



# പൊന്നുവിളയിക്കാൻ ഐഐഎസ്ആർ കേരളശ്രീയും കാവേരിയും

കാർഷിക മേഖലക്ക് പുത്തനുണർവേകാൻ ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ ആറ് പുതിയ ഇനം സുഗന്ധവ്യഞ്ജനങ്ങൾകൂടി കർഷകരിലേക്ക്. ഏലത്തിന്റെ രണ്ട് വൈവിധ്യങ്ങളും ജാതി, പെരുംജീരകം, മാങ്ങ ഇഞ്ചി, അയമോദകം എന്നിവയുടെ ഓരോ ഇനങ്ങളുമാണ് പുതുതായി എത്തുന്നത്. കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം ആസ്ഥാനമായുള്ള ഓൾ ഇന്ത്യ കോർഡിനേറ്റഡ് റിസർച്ച് പ്രോജക്ടാണ് ഇവ പുറത്തിറക്കിയത്.

ജാതിയിൽ ഐഐഎസ്ആർ കേരളശ്രീ, ഏലത്തിൽ ഐഐഎസ്ആർ കാവേരി, ഐഐഎസ്ആർ മനുശ്രീ, പെരുംജീരകത്തിൽ ആർഎഫ്290, അയമോദകത്തിൽ ഗുജറാത്ത് അജ്‌വെയ്ൻ 3, മാങ്ങാ ഇഞ്ചിയിൽ ഐഐഎസ്ആർ അമൃത് എന്നിവയാണ് പുതിയ ഇനങ്ങൾ. ഇന്ത്യൻ കാർഷിക ഗവേഷണ സ്ഥാപനത്തിൽ നടന്ന ചടങ്ങിൽ ഇവയുൾപ്പടെ 109 പുതിയ വിള ഇനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പുറത്തിറക്കിയത്. എഐസിആർപിഎസ്, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, ജീരകം, മല്ലി മുതലായ വിളകളിലായി 184 ഇനങ്ങൾ ഇതുവരെ ഇറക്കിയിട്ടുണ്ട്.

കർഷക പങ്കാളിത്തത്തിലൂടെ വികസിപ്പിച്ച ആദ്യത്തെ സുഗന്ധവ്യഞ്ജന ഇനമാണ് ഐഐഎസ്ആർ കേരളശ്രീ. കായക്ക് ദൃഢതയും ജാതിപത്തിരിക്ക് ആകർഷണവും കൂടുതലാണ്. വരണ്ട കാലാവസ്ഥയിലുൾപ്പെടെ മികച്ച വിളവ് ലഭ്യമാക്കാനാകുമെന്നതാണ് ഐഐഎസ്ആർമനുശ്രീയുടെ സവിശേഷത. ഏലം കൃഷിയുള്ള എല്ലാ മേഖലയിലേക്കും അനുയോജ്യവുമാണ്.

ഉയർന്ന വിളവ് നൽകുന്ന പെരുംജീരകം ഇനമാണ് ആർഎഫ്290 രാജസ്ഥാൻ. ഹെക്ടറിന് 45 ടണ്ണാണ് ഐഐഎസ്ആർ അമൃതിന്റെ ഉൽപ്പാദനശേഷി. നിലവിലുള്ള ഇനങ്ങളെക്കാൾ 30 ശതമാനത്തോളം അധികം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ജൈവഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമാകുന്നു

- കേരളത്തിലെ 50,000 കർഷകരെ പദ്ധതിക്ക് കീഴിൽ കൊണ്ടുവരിക ലക്ഷ്യം
- സംഗമം ആഗസ്റ്റ് 17 ന് കാക്കനാട് ചിറ്റിലപ്പള്ളി സ്ക്വയറിൽ

**കൊച്ചി:** സംസ്ഥാനത്തെ കാർഷികമേഖലക്ക് പുത്തനുണർവ് നൽകുന്നതിനും സമഗ്രമായ സംയോജന പദ്ധതിയിലൂടെ കാർഷിക സംസ്കാരത്തിന് മാറ്റം കൊണ്ടുവരുന്നതിനുമായി ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ജൈവഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ട ഉത്ഘാടനവും കാർഷിക സംഗമത്തിനും ആഗസ്റ്റ് 17 ന് കൊച്ചി വേദിയാകുന്നു. കാക്കനാട് ചിറ്റിലപ്പള്ളി സ്ക്വയറിൽ വെച്ച് രാവിലെ 9 മണിമുതൽ 4 മണിവരെയാകും സംഗമം സംഘടിപ്പിക്കുകയെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പ്രൊഫഷണൽ സർവീസസ് ഇന്നോവേഷനും ഗ്രാസ്സ്റൂട്സ് ഇമ്പാക്ട് ഫൗണ്ടേഷന്റെയും നേതൃത്വത്തിലാണ് കർഷകസംഗമം സംഘടിപ്പിക്കുന്നത്.2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 50,000 കർഷകരെ പദ്ധതിക്ക് കീഴിൽ കൊണ്ടുവരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 170 സന്നദ്ധ സംഘടനകൾ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല നിർവഹിക്കാൻ മുൻപന്തിയിൽ ഉണ്ടാകുമെന്ന് ജൈവഗ്രാമം പദ്ധതി ചീഫ് കോഓർഡിനേറ്റർ അനന്തു കൃഷ്ണൻ പറഞ്ഞു. രണ്ടാം ഘട്ട പ്രവർത്തങ്ങളുടെ ഭാഗമായി ഈ വർഷം മുതൽ മികച്ച കാർഷിക സംരംഭകന് പദ്ധതിയുടെ ഭാഗമായി പുരസ്കാരം നൽകും. പ്രഥമ പുരസ്കാരം തൃശ്ശൂർ മാള സ്വദേശി ഡേവിസ് കൈതാരത്തിന് ലഭിച്ചു. സുസ്ഥിരകൃഷി രീതിയിലുടെ കാർഷികമേഖലയിൽ മാറ്റം കൊണ്ടുവരുന്നതിനാണ് രണ്ടാം ഘട്ട ജൈവഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കഴിഞ്ഞ രണ്ടു വർഷക്കാലമായി കേരളത്തിലെ 14 ജില്ലകളിലെ കർഷകർക്ക് കൈത്താങ്ങായി നിൽക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി ഡെവെലപ്മെന്റ് ഇനിഷ്യേറ്റീവ് ഓഫ് പ്രൊഫഷണൽ സർവീസസ് ഇന്നവേഷന്റെ ആഭിമുഖ്യത്തിൽ സന്നദ്ധ സംഘടനകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ജൈവഗ്രാമം പദ്ധതി. ഇടുക്കി ജില്ലയിലാണ് പദ്ധതിക്ക് തുടക്കമിട്ടത്. നിലവിൽ ഇതിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാണ്.വിവിധ സർക്കാർ ഏജൻസികൾ, വിവിധ കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്ത ഫണ്ടുകൾ മുതലായവയിൽ നിന്ന് ഫണ്ട് കർഷകരിലെത്തിക്കുന്നതിന് പദ്ധതി കർഷകരെ സഹായിക്കും. അതാത് പ്രദേശങ്ങളിലെ കാർഷിക ഉൽപ്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കുകയും വിതരണം ചെയ്യാനും പദ്ധതിയിലൂടെ സഹായിക്കും. പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സംരംഭകത്വ വികസന സംഘടനകൾ, മറ്റ് പങ്കാളികൾ എന്നിവരുമായി ചേർന്നായിരിക്കും പദ്ധതിയുടെ നടത്തിപ്പ്. കാർഷിക മേഖലയിലെ സംരംഭകത്വ വികസനം ലക്ഷ്യമിട്ട് കൊണ്ട് കർഷക ക്ലസ്റ്റർ രൂപീകരിക്കാനും കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.




നൂതന കാർഷികരീതികൾ, ഉല്പാദനത്തിൽ മികവുണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യ, വിവിധയിനം വിത്തുകൾ, തൈകൾ, വളങ്ങൾ, യന്ത്രങ്ങൾ, കാർഷിക ഉപകരണങ്ങളൊക്ക 50 ശതമാനം സബ്സിഡിയോടെ കർഷകർക്ക് എത്തിച്ചു നൽകുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ രണ്ടു വർഷമായി ജൈവഗ്രാമം പദ്ധതിയിലൂടെ കേരളത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. കർഷകരിൽ നിന്ന് ഉൽപ്പങ്ങൾ സംഭരിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി പൊതുവിപണയിലെത്തിക്കുന്നതിനും ഈ പദ്ധതി കർഷകരെ സഹായിക്കും. ഇതിലൂടെ കഴിഞ്ഞ വർഷങ്ങളിൽ 18000 ത്തോളം കർഷകർ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് അനന്തു കൃഷ്ണൻ പറഞ്ഞു.ഗ്രാസ്സ്റൂട്സ് ഇമ്പാക്ട് ഫൗണ്ടേഷൻ പ്രതിനിധികളായ കൃഷ്ണർജുൻ പി, സന്ദീപ് കുമാർ എം, സൈഹ സോഫ്റ്റ്വെയർ ഫൗണ്ടർ സുബി പി. എസ്, പി എസ് ഐ പ്രതിനിധി ദർശന എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഐടിസി സൺഫീസ്റ്റ് സൂപ്പർ എഗ് ആൻഡ് മിൽക്ക് ബിസ്ക്കറ്റ്സ്




**കൊച്ചി:** ഐടിസി സൺഫീസ്റ്റ് പാലും മുട്ടയും ചേർന്ന സൂപ്പർ എഗ് ആൻഡ് മിൽക്ക് ബിസ്ക്കറ്റ്സ് വിപണിയിലിറക്കി. ഇതാദ്യമായാണ് പാലും മുട്ടയും ചേർന്ന ഒരു ബിസ്ക്കറ്റ് വിപണിയിലെത്തുന്നതെന്നും വീടിനു പുറത്തുവെച്ചും കുട്ടികൾക്ക് മുട്ടയും പാലും നൽകാനുള്ള എളുപ്പവഴി കൂടിയാണ് സൺഫീസ്റ്റ് സൂപ്പർ എഗ്സ് ആൻഡ് മിൽക്ക് ബിസ്കറ്റ്സെന്നും വിപണനോദ്ഘാടനച്ചടങ്ങിൽ സംസാരിച്ച ഐടിസി ഫുഡ്സ് ബിസ്ക്കറ്റ്സ് ആൻഡ് കേക്ക്സ് ക്ലസ്റ്റർ സിഒഒ അലി ഹാരിസ് ഷെരെ പറഞ്ഞു.വിപണനോദ്ഘാടനച്ചടങ്ങിന്റെ ഭാഗമായി നടന്ന പാനൽ ചർച്ചയിൽ നാഷനൽ എഗ് കോഓർഡിനേഷൻ കമ്മിറ്റി (എൻഇസിസി) പശ്ചിമബംഗാൾ ചെയർമാൻ മദൻ മോഹൻ മൈതി, ഐഡിഎ വെസ്റ്റ് സോൺ വൈസ് ചെയർമാൻ ഡോ. ദുലാൽ ചന്ദ്ര സെൻ, ക്ലിനിക്കൽ ന്യൂട്രിഷ്യനിസ്റ്റ് ഡോ. അനന്യ ഭൗമിക്, സെലിബ്രിറ്റി കൊണീനിക ബാനർജി, നൗറിഷിംഗ് സ്കൂൾസ് സ്ഥാപകയും സിഇഒയുമായ അർച്ചന സിംഗ് എന്നിവർ പങ്കെടുത്തു. ആദ്യഘട്ടത്തിൽ ദക്ഷിണേന്ത്യയിലും പൂർവേന്ത്യയിലും വിപണിയിലെത്തിയിരിക്കുന്ന സൂപ്പർ എഗ് ആൻഡ് മിൽക്ക് ബിസ്ക്കറ്റ്സ് 5 രൂപ, 10 രൂപ, 30 രൂപ പാക്കറ്റുകളിൽ ലഭ്യമാണ്.ഐടിസി സൺഫീസ്റ്റ് സൂപ്പർ എഗ് ആൻഡ് മിൽക്ക് ബിസ്ക്കറ്റ്സ്

